**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3232** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി ബാച്ചുകളുടെ പുന:ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളുടെ എണ്ണം കുറഞ്ഞതുമൂലം നഷ്ടപ്പെടുന്ന ഹയർ സെക്കൻഡറി ബാച്ചുകളെ പുന:ക്രമീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ; | (എ) | കുട്ടികളുടെ എണ്ണം കുറഞ്ഞതുമൂലം നഷ്ടപ്പെടുന്ന ഹയർ സെക്കന്ററി ബാച്ചുകൾ പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ ബാച്ചുകളിൽ നിലവിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളെ എങ്ങനെ പുന:ക്രമീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കുട്ടികളുടെ എണ്ണം കുറഞ്ഞതുമൂലം നഷ്ടപ്പെടുന്ന ഹയർ സെക്കന്ററി ബാച്ചുകൾ പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ബാച്ചുകൾ പുന:ക്രമീകരിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (സി) | കുട്ടികളുടെ എണ്ണം കുറഞ്ഞതുമൂലം നഷ്ടപ്പെടുന്ന ഹയർ സെക്കന്ററി ബാച്ചുകൾ പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഈ സമിതി ആരിൽ നിന്നൊക്കെയാണ് വിവരങ്ങൾ സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ; | (ഡി) | ബാച്ച് പുന:ക്രമീകരണവുമായി ബന്ധപ്പെട്ട സമിതിക്കു മുന്നിൽ വിദ്യാലയങ്ങളിലെ മാനേജ്മെന്റുകൾ, പി.റ്റി.എ., ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്തുകൾ, അദ്ധ്യാപക സംഘടനകൾ എന്നിവർക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാമെന്ന് മാധ്യമങ്ങളിലൂടെ അറിയിച്ചിരുന്നു. ബന്ധപ്പെട്ട വിശദാംശങ്ങൾ കമ്മിറ്റി പരിശോധിച്ച ശേഷം റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സമിതി തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ബാച്ച് പുന:ക്രമീകരണം സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |
| (ഇ) | ഈ സമിതിക്ക് പുന:ക്രമീകരണത്തിനായുള്ള വിശദാംശം നൽകുന്നതിലേക്കായി മുൻകാലങ്ങളിലെ പോലെ ജില്ല തിരിച്ച് | (ഇ) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | എസ്.എസ്.എൽ.സി. പാസായവരുടെ എണ്ണം, മാർജിനൽ വർദ്ധനവില്ലാതെയുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണം, സർക്കാർ, എയിഡഡ്, അൺ എയ്ഡഡ് എന്നിവ തരം തിരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുമോ; | | |
| (എഫ്) | ഓരോ ജില്ലയിലെയും മുൻ അധ്യയന വർഷങ്ങളിൽ ഒഴിഞ്ഞ് കിടക്കുന്ന പ്ലസ് വൺ സീറ്റുകളുടെ എണ്ണം, സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നിവ തരം തിരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എഫ്) | നിലവിൽ പരിഗണനയിലില്ല. |
| (ജി) | പ്രസ്തുത സമിതിക്ക് ആവശ്യമായ റിപ്പോർട്ട് നൽകുന്നതിന് ലഭ്യമായ പ്ലസ് വൺ സീറ്റുകൾ, ഒഴിഞ്ഞ് കിടക്കുന്ന പ്ലസ് വൺ സീറ്റുകൾ എന്നിവ ജില്ല തിരിച്ച് സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച് നൽകുന്നതിന് കേരള ഹയർ സെക്കൻഡറി ടീച്ചേഴ്സ് യൂണിയൻ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ? | (ജി) | ഉണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 21/02/2023-ന് അപേക്ഷ അയച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ